‘ഭരണഭാഷ മാതൃഭാഷ’

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

---

നമ്പർ:STDD/405/2026-B1 തീയതി :28-02-2026

<u>താൽപര്യപത്രം</u>

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ വിദ്യാഭ്യാസ-ക്ഷേമ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രചരണ വീഡിയോകൾ തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ട് 1.30 മിനിറ്റ് മുതൽ 3 മിനിറ്റ് വരെ ദൈർഘ്യമുള്ള ലഘു വീഡിയോകളാണ് തയ്യാറാക്കേണ്ടത്.

വീഡിയോകൾ തയ്യാറാക്കേണ്ട പ്രധാന പദ്ധതികൾ:

1. ഇ-ഗ്രാന്റ്സ്
2. വിദേശപഠന പദ്ധതി
3. വിങ്സ് (Wings - Pilot Training)
4. സ്കോളർഷിപ്പുകൾ (അയ്യങ്കാളി & മെറിറ്റോറിയസ്)
5. ലാപ്ടോപ്പ് ധനസഹായം
6. സ്മാർട്ട് പഠനമുറികൾ
7. വിദ്യാവാഹിനി
8. സാമൂഹ്യ പഠനമുറികൾ
9. എൻട്രൻസ് കോച്ചിങ്
10. എം.ആർ.എസ് (MRS), ഹോസ്റ്റലുകൾ, പ്രീ-സ്കൂളുകൾ
11. സേഫ് (SAFE) പദ്ധതി
12. സമഗ്ര ആരോഗ്യ പദ്ധതി
13. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
14. ജനനീ ജന്മരക്ഷ

**പ്രധാന നിബന്ധനകൾ:**

1. ഏജൻസിയുടെ യോഗ്യത: അപേക്ഷിക്കുന്ന ഏജൻസികൾ സർക്കാരിന്റെ അംഗീകാരമുള്ളവ ആയിരിക്കണം
2. വീഡിയോ ദൈർഘ്യം: ഓരോ വീഡിയോയുടെയും ദൈർഘ്യം 1 മിനിറ്റ് 30 സെക്കൻഡ് മുതൽ പരമാവധി 3 മിനിറ്റ് വരെ ആയിരിക്കണം.
3. മികച്ച ദൃശ്യ-ശ്രവ്യ നിലവാരമുള്ളതും, ആശയങ്ങൾ വ്യക്തമായി ആശയവിനിമയം ചെയ്യുന്നതുമായ വീഡിയോകളായിരിക്കണം നിർമ്മിക്കേണ്ടത്.

**അപേക്ഷ സമർപ്പിക്കേണ്ട വിവരങ്ങൾ:**

താൽപര്യമുള്ള ഏജൻസികൾ തങ്ങളുടെ മുൻകാല പ്രവൃത്തിപരിചയം, സാങ്കേതിക മികവ്, സാമ്പത്തിക താല്പര്യം എന്നിവ വ്യക്തമാക്കുന്ന വിശദമായ പ്രൊപ്പോസൽ താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**അപേക്ഷ ലഭ്യമാക്കേണ്ട വിലാസം:**

ഡയറക്ടർ
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
നാലാം നില, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 2026 മാർച്ച് 04**

കൂടുതൽ വിവരങ്ങൾക്ക് മേൽവിലാസത്തിലോ 0471-2304594, 0471-2303229 എന്നീ ഫോൺ നമ്പറുകളിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

Digitally signed by
Bindu K
Date: 28-02-2026
16:09:45

**ASSISTANT DIRECTOR**
ഡയറക്ടർക്കുവേണ്ടി